**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.01.2016-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15 ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.12.2015-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1206.** തദ്ദേശഭരണ സ്ഥാപനങ്ങൾ **1701.19**കോടി രൂപ (**28**%) ചെലവഴിച്ച തായും ഇതിൽ **978**ഗ്രാമപഞ്ചായത്തുകൾ **996.43**കോടി രൂപയും (**31.34**%),**151**ബ്ലോക്ക് പഞ്ചായത്തുകൾ **224.88**കോടി രൂപയും **(30.70%),14**ജില്ലാ പഞ്ചായത്തുകൾ **210.44** കോടി രൂപയും (**23.17**%), **58** മുനിസിപ്പാലിറ്റികൾ **161.61**കോടി രൂപയും, (**25.23**%), **5** കോർപ്പറേഷനുകൾ **107.81**കോടി രൂപയും (**24**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 കോഓർഡിനേഷൻ കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റി അംഗീകരിച്ച 2016-17 പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ മാർഗരേഖയുടെ കരട് യോഗം അംഗീകരിച്ചു.

2.3 2015-16 വാർഷിക പദ്ധതി ഭേദഗതിക്കുള്ള സമയപരിധി 2016 ജനുവരി 30 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു. ഭേദഗതിക്ക് വെറ്റിംഗ് ഓഫീസർമാരുടെ സർട്ടിഫിക്കറ്റ് ഒഴിവാക്കണമെന്ന ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണനാർഹമല്ലെന്നും നിർവഹണ ഉദ്യോഗസ്ഥരുടെയും വെറ്റിംഗ് ഓഫീസർമാരുടെയും ഡി.പി.സി.യുടെ അംഗീകാരം നിർബന്ധമായും ഉണ്ടായിരിക്കണമെന്നും തീരുമാനിച്ചു.

2.4 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചിരുന്നു. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ മൂന്നു മാസമേ ഉള്ളൂ എന്നതിനാലും കിയോസ്ക്കുകൾ ഈ സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്ത് തുക കണ്ടെത്തുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

2.5 ഗ്രാമകേന്ദ്രങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 06.02.2015-ൽ പുറപ്പെടുവിച്ചിട്ടുള്ള 55247/ഐ.എ1/14/തസ്വഭവ സർക്കുലർ നിലവിലുണ്ടെന്ന് യോഗം നിരീക്ഷിച്ചു. ഫെസിലിറ്റേറ്റർമാരുടെ യോഗ്യത പി.ജി.ഡി.സി.എ നിർബന്ധമാക്കേണ്ടതില്ലെന്നും സർക്കാർ അംഗീകൃത മൂന്നു മാസ കമ്പ്യൂട്ടർ കോഴ്സ് മതിയാകുന്നതാണെന്നും തീരുമാനിച്ചു.

2.6 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി തീരുമാനിച്ചു.

**1)** ജി.ഐ.എസ്. മാപ്പിംഗിന് ഐ.കെ.എം. സൂപ്പർവൈസ് ചെയ്യേണ്ടതാണ്.

**2)** ഐ.കെ.എം. ഡെവലപ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്ട് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ

**3)** പ്രോപ്പർട്ടി ടാക്സ് അസ്സസ്മെന്റിന് ജി.ഐ.എസ് മാപ്പിംഗ് ഉപകരിക്കണം.

**4)** തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റാ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടു വരണം.

5) ജി.ഐ.എസ് മാപ്പിംഗിനുള്ള നിരക്ക് സർക്കാർ നിശ്ചയിക്കുന്നതായിരിക്കും.

**2.7** DEVOLUTION INDEX മായി ബന്ധപ്പെട്ട വിവരശേഖരണം ജനുവരി 10 നകം പൂർത്തീകരിക്കുന്നതിന് ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, കില എന്നിവയുടെ അടിയന്തിര ശ്രദ്ധയും ഐ.കെ.എം.ന്റെ പരിപൂർണ്ണ പിന്തുണയും ഉണ്ടാകണമെന്ന് ബഹു. അദ്ധ്യക്ഷൻ ഓർമ്മിപ്പിച്ചു. ജനുവരി 8,9 തീയതികളിൽ കിലയിൽ നടക്കുന്ന വർക്ക്ഷോപ്പിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഐ.കെ.എം ടീം ലീഡർ അബ്ദുൾ ബഷീർ എന്നിവരോടൊപ്പം കില ഹെൽപ്പ് ഡസ്ക്ക് ജീവനക്കാരും എക്സ്റ്റൻഷൻ ഫാക്കൽറ്റി ശ്രീ. ഗോപാലകൃഷ്ണനും പങ്കെടുക്കണം. ഇതിനുള്ള നടപടി കില സ്വീകരിക്കേണ്ടതാണ്.

**2.8** തദ്ദേശഭരണ സ്ഥാപനങ്ങളിലെ അയൽ സഭ രൂപീകരണം ജനുവരി 31–നു മുമ്പ് പൂർത്തീയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സംസ്ഥാനതല പ്രഖ്യാപനം ഫെബ്രുവരി ആദ്യവാരം നടത്തേണ്ടതാണ്

**2.9** കില തയ്യാറാക്കിയ ശിശുക്ഷേമം സംബന്ധിച്ച മാർഗരേഖ, പദ്ധതി മാർഗരേഖ യോടൊപ്പം പുറപ്പെടുവിക്കുന്നതിന് കോഒാർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. അതൊരു പ്രത്യേക ഉത്തരവായി പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്

എല്ലാ കുടുംബങ്ങൾക്കും 31.03.2016–ന് മുമ്പ് തന്നെ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (അർബൻ &ഗ്രാമീൺ) പദ്ധതിയിൽ നിന്നു ലഭിക്കുന്ന ഫണ്ടിന് ഉപരിയായി വേണ്ടി വരുന്ന തുക വകയിരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.കേന്ദ്ര–സംസ്ഥാന ഫണ്ടുകൾ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ആ തുക കൂടി പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വകയിരുത്താനും കേന്ദ്ര–സംസ്ഥാന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്ലാൻ ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കാസറഗോഡ് ജില്ലാ പഞ്ചായത്ത്

എ.ബി.സി. പദ്ധതി ജില്ലയിൽ ആറ് ബ്ലോക്കുകളിലായി നടത്തുന്നതിനും നായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നതിന് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള NGOകളെ നിയോഗിച്ച് തുക നൽകുന്നതിനും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക സമാഹരിക്കുന്നതിനും, നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും അനുമതി നൽകണമെന്ന ആവശ്യം യോഗം പരിശോധിച്ചു. കൊല്ലം, എറണാകുളം, കോട്ടയം, എന്നീ ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന എ.ബി.സി. പദ്ധതിയിലെ വ്യവസ്ഥകൾ മാതൃകയാക്കാവുന്നതാണെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 നാദാപുരം ഗ്രാമപഞ്ചായത്ത്**

പ്രധാന ടൗണിലെ റോഡിന്റെ ഫുട്പാത്തിന് കൈവരി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് സഹായം ലഭ്യമാക്കണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പുതുക്കോട് ഗ്രാമപഞ്ചായത്ത്, 3.5 കുണ്ടറ ഗ്രാമപഞ്ചായത്ത്**

ഹൈസ്ക്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം മുമ്പ് തന്നെ അനുമതി നൽകിയിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഫറോക്ക് നഗരസഭ**

ഗ്രാമപഞ്ചായത്ത് ആയിരുന്നപ്പോൾ ജലനിധി പദ്ധതി 2006–07 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തെങ്കിലും നടപ്പാക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച തുക ഇപ്പോൾ 75.14 ലക്ഷം രൂപ ആയിട്ടുള്ളത് ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയിൽ വിനിയോഗിക്കാൻ അനുമതി നൽകണമെന്ന ആവശ്യം ഒരു വർഷത്തിനുള്ളിൽ കുടിവെള്ള പദ്ധതിക്ക് തുക ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, 3.8 നെടുമുടി ഗ്രാമപഞ്ചായത്ത്**

വ്യക്തമായ എസ്റ്റിമേറ്റ് എടുത്തും സുതാര്യമായും നടപ്പിലാക്കണമെന്ന വ്യവസ്ഥയിലും കേരള നെയൽവയൽ – നീർത്തട സംരക്ഷണ നിയമം പാലിച്ചും പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലങ്ങൾ മണ്ണിട്ടുയർത്താൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്**

ഒരു ബ്ലോക്ക് പഞ്ചായത്തിനു മാത്രമായി അധിക ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യം പ്രായോഗികമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കേരള പാലിയേറ്റീവ് കെയർ നഴ്സുമാർ സമർപ്പിച്ച നിവേദനം**

പാലിയേറ്റീവ് നഴ്സുമാരുടെ യോഗ്യത ഉയർത്തിക്കൊണ്ടുള്ള പരിഷ്ക്കരിച്ച മാർഗരേഖയിലെ വ്യവസ്ഥ പ്രകാരം ഒരു വർഷത്തിനകം നിർദ്ദിഷ്ട യോഗ്യത ആർജിക്കേണ്ടതുണ്ട്. ഈ കാലയളവ് രണ്ട് വർഷമായി ദീർഘിപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മഞ്ചേരി മുനിസിപ്പാലിറ്റി**

ശിഹാബ് തങ്ങൾ ഭവന പദ്ധതിക്കായി വായ്പ എടുത്തതിന്റെ പലിശ പ്ലാൻ ഫണ്ടിൽ നിന്ന് അടവാക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസി ക്കുകയും തനത് ഫണ്ടിൽ നിന്നു തന്നെ പലിശ അടവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

60 വയസ്സിനുമേൽ പ്രായമുള്ളവരും വരുമാനമില്ലാത്ത പുരുഷൻമാരുള്ള കുടുംബങ്ങൾക്കും ഭിന്നശേഷിയുള്ള മുതിർന്ന പുരുഷൻമാരുള്ള കുടുംബങ്ങൾക്കും ഭൂമി വാങ്ങാൻ ധനസഹായം അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുകയും പ്രസ്തുത കുടുംബങ്ങളിലെ വനിതകൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും സഹായം നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് (ഫയൽനം.387/ഡി.എ2/15/തസ്വഭവ)**

കിണർ റീ ചാർജിംഗ് എന്ന പദ്ധതിക്ക് പരമാവധി 5000 രൂപ വരെ യൂണിറ്റ് സഹായം നൽകാം എന്ന് മുൻ തീരുമാനമുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കില ഡയറക്ടറുടെ കത്ത് (ഫയൽനം.580/ഐ.ബി.2/15/തസ്വഭവ)**

കെ.എൽ.ജി.എസ്.ഡി.പി.യുടെ (Kerala Local Government Service Delivery Project) മിച്ചം ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശഭരണ സേവനങ്ങളൂടെ ബെഞ്ച്മാർക്കിംഗ് നടത്താനും, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മികച്ച പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ പഠന പര്യടന പരിപാടി നടത്താനും കിലയെ അനുവദിക്കണമെന്ന ആവശ്യം കെ.എൽ.ജി.എസ്. ഡി.പി.യുടെ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കേണ്ട താണെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

നിലവിലുള്ള വാഹനം നടപടിക്രമം പാലിച്ച് ലേലം ചെയ്യുന്നതിനും 10 ലക്ഷം രൂപയിൽ കവിയാതെയുള്ള പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വയനാട് ജില്ലാ പഞ്ചായത്ത്**

ക്ലീൻ കേരള കമ്പനി മുഖേന വിവിധ സ്ക്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് – ഡിസ്ട്രോയർ മെഷീൻ വാങ്ങൽ പദ്ധതിക്ക് അനുമതി നൽകണമെന്ന ആവശ്യം പരിശോധിക്കുകയും നിലവിൽ ഇക്കാര്യത്തിൽ കേരള വനിത വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയതായി നിരീക്ഷിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കുമളി ഗ്രാമപഞ്ചായത്ത്**

നിലവിലുള്ള പഴയ വാഹനം ഉപയോഗപ്രദമല്ലെങ്കിൽ നിലവിലുള്ള നിയമപ്രകാരം ലേലം ചെയ്ത് വിൽക്കുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടതിൽ 10 ലക്ഷം രൂപയിൽ കവിയാതെയുള്ള വാഹനം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൊയിലാണ്ടി നഗരസഭ**

മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് ഭൂമിയുടെ അക്വസിഷൻ സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് പാലിക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തൃശൂർ ജില്ലാ പഞ്ചായത്ത്**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് കളിസ്ഥലം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 മാടായി ഗ്രാമ പഞ്ചായത്ത്**

നിലവിലുള്ള പഴയ വാഹനം ഉപയോഗപ്രദമല്ലെങ്കിൽ നിലവിലുള്ള നിയമപ്രകാരം ലേലം ചെയ്ത് വിൽക്കുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടതിൽ 10 ലക്ഷം രൂപയിൽ കവിയാതെയുള്ള വാഹനം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 വേങ്ങര പഞ്ചായത്ത്**

പഞ്ചായത്ത് പ്രസിഡന്റ് നടത്തുന്ന ജനസമ്പർക്ക പരിപാടിക്ക് 3 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ശ്രീകണ്ഠപുരം നഗരസഭ**

ഭവന നിർമ്മാണ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ തുടരണമെന്ന ആവശ്യവും ട്രഷറിയിൽ നിന്ന് ഫണ്ട് പിൻവലിക്കുന്നതിന് DDO കോഡ് അനുവദിക്കണമെന്ന ആവശ്യവും സംബന്ധിച്ച് നിലവിൽ തീരുമാനമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 എടച്ചേരി ഗ്രാമ പഞ്ചായത്ത്**
**3.24 കായക്കൊടി ഗ്രാമ പഞ്ചായത്ത്**
**3.25 ഒഞ്ചിയം ഗ്രാമ പഞ്ചായത്ത്**
**3.26 ഏറാമല ഗ്രാമപഞ്ചായത്ത്**
**3.27 കുന്നുമ്മൽ ഗ്രാമപഞ്ചായത്ത**
**3.28 പുന്നപ്ര – വടക്ക് ഗ്രാമപഞ്ചായത്ത്**
**3.29 അഴിയൂർ ഗ്രാമപഞ്ചായത്ത്**
**3.30 ചോറോട് ഗ്രാമപഞ്ചായത്ത്**

} പൊതു വിഷയങ്ങൾ ഇനം 2.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 പത്തനംതിട്ട ജില്ലാ പ ഞ്ചായത്ത്**

എ.ബി.സി. പദ്ധതിയിൽ സമർപ്പിച്ച പുതിയ പ്രൊപ്പോസലുകൾ കൊല്ലം, എറണാകുളം, കോട്ടയം, ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കി വരുന്ന എ.ബി.സി പദ്ധതികളെ മാതൃകയാക്കി നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കോട്ടയ്ക്കൽ നഗരസഭ**

നഗരസഭയിലെ സ്ക്കൂളുകളിൽ പി.ടി. ടീച്ചറെയും, ഡ്രോയിംഗ് ടീച്ചറെയും ദിവസ വേതനത്തിൽ നിയമിക്കാൻ അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്**

ജവഹർ ഭവന പദ്ധതി നടപ്പിലാക്കാൻ എടുത്ത വായ്പയുടെ തിരിച്ചടവ് 15% എന്നത് 30% ആയി ഉയർത്താൻ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുകയും 15% തുക പദ്ധതി വിഹിതത്തിൽ നിന്നും അധികമായി 15% തുക തനത് ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 9.15ന് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ജനുവരി 13 ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**